(സി) 1. ഇതിലേയ്ക്കായി മുഴുവൻ ഉദ്യോഗസ്ഥർക്കും ഔദ്യോഗിക ഇ-മെയിൽ നൽകുവാനുള്ള നടപടി പൂർത്തിയായിവരുന്നു.

2. അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജന ബോധവൽക്കരണ ശ്രമങ്ങൾക്കായി എസ്.എം.എസ് സംവിധാനം ഉപയോഗിക്കുവാനുള്ള നടപടികളും എടുത്തുവരുന്നു.

അബ്ദുൾ അസീസ് എന്ന വ്യാപാരിയെ കാണാതായതായുള്ള പരാതി

202 (3713) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കുറുവങ്ങാട് പ്രദേശത്തെ അബ്ദുൾ അസീസ് എന്ന വ്യാപാരിയെ കാണാതായത് സംബന്ധിച്ച പോലീസ് അന്വേഷണം തൃപ്തികരമല്ല എന്ന നിലയിൽ ആക്ഷൻ കമ്മിറ്റിയിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിൽ പറഞ്ഞിട്ടുള്ള സംശയാസ്പദമായ സാഹചര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) കേസിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രസ്തുത വ്യക്തിയുടെ തിരോധാനത്തിന്റെ ദുരൂഹത വെളിച്ചത്തുകൊണ്ടുവരാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ശ്രീ. അബ്ദുൾ അസീസ് എന്ന വ്യക്തിയെ കാണാതായത് സംബന്ധിച്ച് പാണംകണ്ടിതാഴ അബ്ദുൾ അസീസ് തിരോധാന ആക്ഷൻ കമ്മിറ്റി, സമർപ്പിച്ച പരാതി 24.11.2015 തീയതിയിൽ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന് (ക്രൈംസ്) അന്വേഷണത്തിനും റിപ്പോർട്ടിനുമായി നൽകുകയും അതിന്മേൽ കോഴിക്കോട് CBCID HHW III യൂണിറ്റ് അന്വേഷണം നടത്തിവരികയുമാണ്.

(ബി) സംശയാസ്പദമായ സാഹചര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) കേസ്സിന്മേൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

എഴുകോൺ പോലീസ് സ്റ്റേഷൻ

203 (3714) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ ജില്ലയിൽപ്പെടുന്ന എഴുകോൺ പോലീസ് സ്റ്റേഷൻ എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly